പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1528 — 13.07.2016 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം തടയാൻ പുതിയ മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി പുതുതായി മാവേലി സ്റ്റോറുകളും സപ്ലൈകോ സ്റ്റോറുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും കൂടുതൽ ജനങ്ങളിലേയ്ക്ക് സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 38 പഞ്ചായത്തുകളിൽ മുൻഗണന നൽകി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br><br>കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും, സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) തിരുവമ്പാടി മണ്ഡലത്തിലെ കൂമ്പാറ, കാരമൂല, സൗത്ത് കൊടിയത്തൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത്, കൂമ്പാറയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന് അറിയിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ കാരമൂല, സൗത്ത് കൊടിയത്തൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ